**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു.ഹൈക്കോടതിയുടെ 03.02.2023-ലെ WP(C)No.23342/2022-നമ്പർ വിധിന്യായം പാലിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.1330/2023/LSGD തീയതി,തിരുവനന്തപുരം, 27-06-2023

---

പരാമർശം:-

1) ശ്രീ.സനീഷ് കളപ്പുരക്കൽ 03.01.2022-ന് സമർപ്പിച്ച പരാതി
2) പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ 14.02.2022-ലെ A2-29/2022-നമ്പർ കത്ത്
3) പഞ്ചായത്ത് ഡയറക്ടറുടെ 31.05.2022-ലെ PAN/845/2022-G1(DP)-നമ്പർ കത്ത്
4) 25.06.2022-ലെ DB3/41/2022-L.S.G.D.-നമ്പർ കത്ത്.
5) ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 06.07.2022-ലെ SC4/3668/22-നമ്പർ നടപടിക്രമം
6) ബഹു.ഹൈക്കോടതിയുടെ 03.02.2023-ലെ WP(C) No.23342/2022-നമ്പർ വിധിന്യായം
7) ശ്രീ.സനീഷ് കളപ്പുരക്കൽ 03.06.2023-ന് സമർപ്പിച്ച കത്ത്
8) ശ്രീമതി രാജി സന്തോഷ്, 03.06.2023-ന് സമർപ്പിച്ച കത്ത്

ഉത്തരവ്

എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്ത് ഉദ്യോഗസ്ഥരും മെമ്പർമാരും സ്വകാര്യ ആവശ്യങ്ങൾക്കായും വിനോദയാത്രകൾക്കായും സർക്കാർ വാഹനം ദുരുപയോഗം ചെയ്തു വരുന്നെന്നും 01.05.2021-മുതൽ 26.06.2021-വരെയുള്ള കാലയളവിൽ പൊതു ഖജനാവിൽ നിന്നും ഏകദേശം (1,00,000/-) ഒരു ലക്ഷം രൂപ നഷ്ടം വരുത്തിയിട്ടുണ്ടെന്നും ആയതിനാൽ സർക്കാർ പണം ദുരുപയോഗം ചെയ്തവരിൽ നിന്നും നഷ്ടം ഈടാക്കണമെന്ന്, പരാമർശം (1) പ്രകാരം, ശ്രീ.സനീഷ് കളപ്പുരക്കൽ പരാതി സമർപ്പിക്കുകയുണ്ടായി.

2)മേൽ പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ പഞ്ചായത്ത് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് തേടുകയും എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ കോവിഡ്-19 മൂലം ലോക്ഡൗൺ ആയിരുന്ന കാലയളവിൽ ജീവനക്കാർ ഓഫീസിൽ വരുന്നതിനും തിരികെ പോകുന്നതിനും പൊതുഗതാഗത സംവിധാനം പുനരാരംഭിക്കും വരെ ഓഫീസ് വാഹനം ഉപയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 26.05.2021-ലെ 10(2) നമ്പർ പ്രകാരം തീരുമാനം എടുത്തിരുന്നു എന്നും അതിൻ പ്രകാരമാണ് ഓദ്യോഗിക വാഹനം ഇത്തരം

യാത്രകൾക്ക് ഉപയോഗിച്ചിരുന്നത് എന്നും 25.10.2021-ന് പഞ്ചായത്ത് വാഹനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും മെമ്പർമാരും പെരിയാർവാലി കനാലിന്റെ പാർശ്വഭിത്തി നിർമ്മിക്കുന്നതിലേക്കായി ഫണ്ട് ലഭ്യമാക്കുന്നതിന് ശ്രീ.കെ.സുധാകരൻ എം.പി.-യെ കാണുന്നതിനായി കണ്ണൂരിലേക്ക് 530 കിലോ മീറ്റർ സഞ്ചരിച്ചു എന്നും M.P.L.A.D.S.-പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിക വിഭാഗങ്ങൾക്കുള്ള ഫണ്ട് ഏത് നിയോജകമണ്ഡലത്തിലും ഉപയോഗിക്കാൻ സാധിക്കുമെന്നതിലാണ് ബഹു.കണ്ണൂർ എം.പി.-യെ കാണാൻ പോയതെന്ന് പ്രസിഡന്റും മെമ്പർമാരും അറിയിച്ചിരുന്നു എന്നും എന്നാൽ പ്രസ്തുത മണ്ഡലത്തിൽ എസ്.സി. വിഭാഗക്കാരുടെ ജനവാസ മേഖലകൾ ഇല്ലെങ്കിൽ മാത്രമാണ് മറ്റ് മണ്ഡലങ്ങളിൽ ഫണ്ട് അനുവദിക്കുന്നതെന്നും കോവിഡ് ആയതിനാൽ പ്രസ്തുത ഫണ്ട് നിർത്തിവെച്ചിരുന്നുവെന്നും, ടി പദ്ധതി 10.11.2021-ലാണ് പുനരാരംഭിച്ചതെന്നും ആയതിനാൽ പ്രസിഡന്റും മെമ്പർമാരും കണ്ണൂരിലേക്ക് പഞ്ചായത്ത് വാഹനത്തിൽ നടത്തിയ യാത്ര ഉചിതമായി കാണുന്നില്ലായെന്നും 530 കി.മീ വാഹനം ഓടിയതിന്റെ തുക സർക്കാർ നിരക്കിന് അനുസൃതമായി പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കാൻ നിർദ്ദേശം നല്ലാവുന്നതാണെന്നും, പരാമർശം (3) പ്രകാരം, പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) ശ്രീ.സനീഷ് കളപ്പുരക്കൽ പരാതിയിൽ ഉന്നയിച്ച 01.05.2021-മുതൽ 26.06.2021-വരെയുള്ള കാലയളവിൽ പൊതു ഖജനാവിൽ നിന്നും നഷ്ടം വരുത്തിയിട്ടുണ്ടെന്ന ആരോപണം കോവിഡ്-19-മൂലം ലോക്ഡൗൺ ആയിരുന്ന കാലയളവിൽ ജീവനക്കാർ ഓഫീസിൽ വരുന്നതിനും തിരികെ പോകുന്നതിനും പൊതുഗതാഗത സംവിധാനം പുനരാരംഭിക്കും വരെ ഓഫീസ് വാഹനം ഉപയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 26.05.2021-ലെ 10(2) നമ്പർ പ്രകാരം തീരുമാനം എടുത്തിരുന്നു എന്ന് കാണാവുന്നതാണ് ആയതിനാൽ പ്രസ്തുത ആരോപണത്തിൽ തുടർനടപടി സ്വീകരിച്ചിരുന്നില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ദുരുപയോഗം ചെയ്ത് 25.10.2021-ന് പഞ്ചായത്ത് വാഹനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും മെമ്പർമാരും പെരിയാർവാലി കനാലിന്റെ പാർശ്വഭിത്തി നിർമ്മിക്കുന്നതിലേക്കായി ഫണ്ട് ലഭ്യമാക്കുന്നതിന് ശ്രീ.കെ.സുധാകരൻ എം.പി.-യെ കാണുന്നതിനായി കണ്ണൂരിലേക്ക് 530 കിലോ മീറ്റർ സഞ്ചരിച്ചത് അധികാര ദുർവിനിയോഗമാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത യാത്രക്ക് ചെലവായ തുക സർക്കാർ നിരക്കിന് അനുസൃതമായി പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കാൻ, പരാമർശം (4) പ്രകാരം, ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (5) പ്രകാരം, പഞ്ചായത്ത് സെക്രട്ടറി നടപടിക്രമം പുറപ്പെടുവിക്കുകയും ചെയ്തു.

4) മേൽ സർക്കാർ നിർദ്ദേശത്തിനും പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമത്തിനും എതിരെ, ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാജി സന്തോഷും മെമ്പർമാരും ബഹു.ഹൈക്കോടതി മുൻപാകെ ഹർജി ഫയൽ ചെയുകയും പ്രസ്തുത ഹർജി 03.02.2023-ന് പരിഗണിക്കുകയും ഹർജിക്കാർക്ക് അവരുടെ വാദം ഉന്നയിക്കാനുള്ള അവസരം നൽകാതെ അവരുടെ ബാധ്യത നിശ്ചയിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കാനാവില്ല എന്ന കാരണത്താൽ, പരാമർശം (4) പ്രകാരം സർക്കാർ നൽകിയ നിർദ്ദേശവും അതിന് അനന്തരഫലമായി ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച നടപടിക്രമവും റദ്ദാക്കുകയും തുടർന്ന് ഹർജിക്കാരെയും ആറാമത്തെ എതിർകക്ഷിയെയും അല്ലെങ്കിൽ അവരുടെ പ്രതിനിധികളെയോ സർക്കാർ നേരിൽ കേട്ട് മൂന്ന് മാസത്തിനുള്ളിൽ ഒരു

തീരുമാനം എടുക്കാവുന്നതാണെന്നും, പരാമർശം (6) പ്രകാരം, വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

5) ബഹു.ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാജി സന്തോഷ്, മെമ്പർമാരായ ശ്രീ.മുഹമ്മദ് ഷഫീക്, ശ്രീ.രാജേഷ് പുതിയങ്ങാടി, ശ്രീ.പി.എസ്.യൂസഫ്, ശ്രീ.സി.പി.നൗഷാദ്, എതിർകക്ഷിയായ ശ്രീ.സനീഷ് കളപ്പുരക്കൽ എന്നിവരെ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 31.05.2023-ന് നേരിൽ കേൾക്കുകയുണ്ടായി. ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് 2 ലെ മാധവപുരം കോളനിയോട് ചേർന്നുള്ള പെരിയാർ വാലി കനാലിന്റെ സംരക്ഷണ ഭിത്തിയും നടപ്പാതയും ഇടിഞ്ഞുപോയതിനെ തുടർന്ന് പുനർനിർമ്മിക്കുന്നതിന് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് ബഹു:ചാലക്കുടി എം.പി. ശ്രീ.ബെന്നി ബെഹനാനെ കണ്ട് കത്ത് കൊടുത്തിട്ടുള്ളതാണ് എന്നും എന്നാൽ കോവിഡ് വ്യാപനത്തിന്റെ സാഹചര്യത്തിൽ എം.പി. ഫണ്ട് തടഞ്ഞുവെച്ചിട്ടുള്ളതാണെന്നും നിലവിൽ ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കാനുള്ളതുകൊണ്ട് അടുത്ത അലോട്മെന്റിൽ ഈ പ്രവൃത്തി ഏറ്റെടുക്കാൻ പ്രയാസമുണ്ടെന്നും അടിയന്തര സാഹചര്യം ആണെങ്കിൽ ഈ വിഷയം കാണിച്ച് ഏതെങ്കിലും എം.പി.യുടെ സഹായം തേടാവുന്നതാണെന്നും പറഞ്ഞുകൊണ്ടുള്ള കത്ത് ബഹു.ചാലക്കുടി എം.പി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആണ് പഞ്ചായത്ത് പ്രസിഡന്റായ ശ്രീമതി രാജി സന്തോഷും ടിയാരിയോടൊപ്പമുള്ള നാല് മെമ്പർമാരും കൂടി 25.10.2021-ന് ശ്രീ.സുധാകരൻ എം.പി.യെ കാണുന്നതിന് വേണ്ടി പഞ്ചായത്ത് വാഹനത്തിൽ കണ്ണൂരിൽ പോയത് എന്നും ഈ അടിയന്തിര സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം എടുക്കാൻ സാധിച്ചില്ല എന്നും ആയതിനാൽ ശ്രീമതി രാജി സന്തോഷും മറ്റ് സഹമെമ്പർമാരും കൂടി അനുമതി ഇല്ലാതെ ശ്രീ.സുധാകരൻ എം.പി.യെ കാണുന്നതിന് വേണ്ടി പഞ്ചായത്ത് വാഹനത്തിൽ കണ്ണൂരിൽ പോയതിന്മേൽ സാധൂകരണം നൽകണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി.

6) മേൽ യാത്ര രാഷ്ട്രീയ ആവശ്യങ്ങൾക്ക് വേണ്ടിയാണെന്നും അത്തരം ഒരു യാത്ര ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ബഹു.മുഖ്യമന്ത്രിയുടെ പരാതിപരിഹാര പോർട്ടൽ മുഖേന പരാതി സമർപ്പിച്ചിരുന്നു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ അന്വേഷണം നടത്തുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 25.10.2021-ലെ യാത്ര തികച്ചും രാഷ്ട്രീയ ആവശ്യങ്ങൾക്ക് വേണ്ടിയാണെന്നും കൂടാതെ മറ്റു മണ്ഡലങ്ങളിലെ എസ്.സി./എസ്.ടി. ഫണ്ട് ലഭിക്കുന്നതിന് പ്രസ്തുത നിയോജക മണ്ഡലത്തിൽ എസ്.സി. വിഭാഗക്കാരുടെ ജനവാസ മേഖലകൾ ഇല്ലെങ്കിൽ മാത്രമാണ് ലഭിക്കുന്നത് എന്നും എന്നാൽ ബഹു.കണ്ണൂർ എം.പി. ശ്രീ.സുധാകരന്റെ മണ്ഡലത്തിൽ എസ്.സി./എസ്.ടി. വിഭാഗക്കാർ ഉണ്ടെന്നും ആയതിനാൽ കണ്ണൂർ മണ്ഡലത്തിലെ ഫണ്ട് ലഭിക്കില്ല എന്ന് അറിഞ്ഞിട്ടും യാത്ര നടത്തിയത് വ്യക്തിപരമായ ആവശ്യങ്ങൾക്ക് വേണ്ടിയാണെന്നും. ബഹു.കണ്ണൂർ എം.പി. ശ്രീ.സുധാകരന്റെ മണ്ഡലത്തിൽ എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് അനുവദിച്ച നൽകിയിട്ടുള്ള ഫണ്ടിൽ നിന്നും തുക ആവശ്യപ്പെട്ട ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ അപേക്ഷയുടെ പകർപ്പ് സംബന്ധിച്ച വിവരാവകാശ നിയമം പ്രകാരം ആവശ്യപ്പെട്ട എങ്കിലും ആയത് വാർഡ് മെമ്പറാണ് നൽകിയത് എന്നും കനാലിന്റെ സംരക്ഷണ ഭിത്തിയും നടപ്പാതയും ഇടിഞ്ഞുപോയതിനെ തുടർന്ന് പുനർനിർമ്മിക്കുന്നതിന് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് ബഹു:ചാലക്കുടി എം.പി. ശ്രീ.ബെന്നി ബെഹനാനും ആലുവ എം.പി.

ശ്രീ.അൻവർ സാദത്തിനും നിവേദനം നല്കിയിരുന്നോ എന്ന ചോദ്യത്തിന്മേൽ ഇല്ല എന്ന മറുപടിയാണ് ലഭിച്ചത് എന്നും അതിനാൽ പഞ്ചായത്തിന്റെ തീരുമാനപ്രകാരമല്ല പഞ്ചായത്ത് അധികൃതർ കണ്ണൂരിൽ പോയത് എന്നും അതിനാൽ അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ആയതു സംബന്ധിച്ച രേഖകൾ സമർപ്പിക്കുകയും ചെയ്തു.

7) ബഹു.കണ്ണൂർ എം.പി. ശ്രീ.സുധാകരന്റെ മണ്ഡലത്തിൽ എസ്.സി. / എസ്.ടി. വിഭാഗക്കാർക്ക് അനുവദിച്ച നൽകിയിട്ടുള്ള ഫണ്ടിൽ നിന്നും തുക ആവശ്യപ്പെട്ടു ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം പ്രകാരം ലഭിക്കാത്തത് പ്രസ്തുത അപേക്ഷ പ്രസിഡന്റ് സ്വന്തം ലെറ്റർ പാഡിൽ നല്കിയതിനാലാണെന്നും മേൽ യാത്ര സംബന്ധിച്ച പഞ്ചായത്തിൽ നിന്നുള്ള സാധൂകരണത്തിന് വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണെന്നും പ്രസിഡന്റ് മറുപടിയായി ബോധിപ്പിക്കുകയുണ്ടായി.

8) അധികമായി ബോധിപ്പിക്കാനുള്ള വിവരങ്ങൾ എഴുതി സമർപ്പിക്കാൻ അവസരം ഇരു കക്ഷികൾക്കും അനുവദിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.സനീഷ് കളപ്പുരക്കൽ ടിയാനെ നേരിൽ കേട്ടവേളയിൽ ബോധിപ്പിച്ച വസ്തുതകൾ, പരാമർശം (7) പ്രകാരം, എഴുതിയും അധികമായി പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടും പഞ്ചായത്ത് പ്രസിഡന്റ് നേരിൽ കേട്ടവേളയിൽ ബോധിപ്പിച്ച വസ്തുതകൾ എഴുതിയും ബഹു.കണ്ണൂർ എം.പി. ശ്രീ.സുധാകരനെ കാണാൻ പോയത് 01.06.2023-ലെ പഞ്ചായത്തിന്റെ മീറ്റിങ്ങിൽ ഒരു അംഗത്തിന്റെ വിയോജനക്കുറിപ്പോടെ അംഗീകരിച്ചതിന്റെ മിനിട്സും, പരാമർശം (8) പ്രകാരം, സമർപ്പിക്കുകയുണ്ടായി.

9) ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കോവിഡ്-19-രണ്ടാം തരംഗം മൂലം ലോക്ക്ഡൗൺ ആയിരുന്ന കാലയളവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഉദ്യോഗസ്ഥരും പഞ്ചായത്തിൽ വരുന്നതിനും തിരികെ പോകുന്നതിനും വാഹനം ഉപയോഗിച്ചതായി ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമാണ് എന്നും എന്നാൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയായിരുന്നു, C.F.L.T.C., D.C.C.- എന്നിവയുടെ നടത്തിപ്പ് അടക്കമുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നടത്തിയിരുന്നത് എന്നും ഈ പ്രവർത്തനങ്ങൾക്ക് സെക്രട്ടറിയുടേയും ജീവനക്കാരുടേയും സാന്നിദ്ധ്യം ഗ്രാമപഞ്ചായത്തിൽ അത്യന്താപേക്ഷിതമായിരുന്നു എന്നും കൂടാതെ 26.05.2021-ലെ പഞ്ചായത്ത് ഭരണ സമിതിയുടെ 10(2)-ാം നമ്പർ തീരുമാനപ്രകാരം പൊതുഗതാഗത സംവിധാനം പുനരാരംഭിക്കും വരെ സെക്രട്ടറിക്കും ജീവനക്കാർക്കും ഓഫീസിൽ എത്തുന്നതിനും തിരികെ പോകുന്നതിനും പഞ്ചായത്തിന്റെ വാഹനം ഉപയോഗിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചിരുന്നതാണ് എന്നും പഞ്ചായത്ത് വാഹനത്തിൽ പഞ്ചായത്ത് പ്രസിഡന്റും പഞ്ചായത്ത് മെമ്പർമാരും 25.10.2021-ന് കണ്ണൂർ വരേയും തിരികെയുമായി 530 കിലോ മീറ്റർ യാത്ര ചെയ്തതായി ലോഗ് ബുക്കിൽ നിന്നും വ്യക്തമാണെന്നും M.P.L.A.D.S.-ലുള്ള പട്ടിക വിഭാഗക്കാർക്കുള്ള ഫണ്ട് ഏത് നിയോജകമണ്ഡലത്തിലും ഉപയോഗിക്കാൻ സാധിക്കുമെന്നതിനാലാണ് കണ്ണൂർ എം.പി യെ കാണുവാൻ പോയതെന്നാണ് പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളത് എന്നും എന്നാൽ ഇപ്രകാരം ഫണ്ട് ലഭിക്കുന്നതിന് പ്രസ്തുത നിയോജക മണ്ഡലത്തിൽ എസ്.സി. വിഭാഗക്കാരുടെ ജനവാസ മേഖലകൾ ഇല്ലെങ്കിൽ മാത്രമാണ്

മറ്റിടങ്ങളിലേക്ക് ഫണ്ട് ലഭിക്കുന്നത് എന്നും മാത്രമല്ല കോവിഡ് 19 പശ്ചായത്തലത്തിൽ മരവിപ്പിച്ചിരുന്ന ഫണ്ട് പുനസ്ഥാപിച്ചത് 10.11.2021-ന് മാത്രമാണെന്നും ആയതിനാൽ ഒക്ടോബറിൽ നടത്തിയ യാത്രയുടെ ഉദ്ദേശ്യ ശുദ്ധി വ്യക്തമല്ലാത്തതിനാൽ വാഹനം ഓടിയ തുക തിരിച്ചു പിടിക്കാവുന്നതാണെന്ന്, പരാമർശം (2) പ്രകാരമുള്ള, പെർഫോമൻസ് ഓഡിറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരാമർശം (3) പ്രകാരം, പഞ്ചായത്ത് ഡയറക്ടർ ഇതിനോടകം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായിരുന്നു.

10) കോവിഡ്-19 രണ്ടാം തരംഗം മൂലം ലോക്ക്ഡൗൺ ആയിരുന്ന കാലയളവിൽ കണ്ണൂർ മണ്ഡലത്തിൽ എസ്.സി./എസ്.ടി.-വിഭാഗക്കാർ ഉണ്ടായിരുന്നിട്ടും പ്രസ്തുത തുക ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ട മണ്ഡലത്തിൽ ലഭിക്കുമോ എന്ന വിവരം പരിശോധിക്കാതെയും ഒരു ഫോൺ മുഖേന അറിയേണ്ടിയിരുന്ന കാര്യം പഞ്ചായത്ത് വാഹനത്തിൽ 530 കിലോ മീറ്റർ യാത്ര ചെയ്തത് അറിയാൻ ശ്രമിച്ചു എന്ന വിശദീകരണം ഉചിതമായി കാണുന്നില്ല. സർക്കാർ ചട്ടങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാം ഇന്റർനെറ്റിൽ ലഭ്യമാവുകയും, കൂടാതെ ഇത്തരം ആവശ്യങ്ങൾ ഒരു ഫോൺ മുഖാന്തിരമോ, അല്ലെങ്കിൽ ഇമെയിൽ മുഖാന്തിരമോ അന്വേഷിക്കാവുന്ന ഈ കാലഘട്ടത്തിൽ ഇപ്രകാരം യാത്ര നടത്തിയത് കോവിഡ് സാഹചര്യത്തിൽ, അന്ന് ഫണ്ടുകൾ മരവിച്ചിരുന്ന അവസ്ഥയിൽ, അംഗീകരിക്കാവുന്നതല്ല. M.P.L.A.D.S.-ഫണ്ട് ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങളിൽ, ക്രമ നമ്പറ് 2.5-ൽ പറയും പ്രകാരം, ആ തുക ചെലവഴിക്കാൻ പാകത്തിന് എസ്.സി./എസ്.ടി.-വിഭാഗക്കാർ ഇല്ല എങ്കിൽ, അത് മറ്റു നിയോജക മണ്ഡലങ്ങളിലെ ട്രൈബൽ വിഭാഗക്കാർക്കു വേണ്ടി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ഉണ്ട് എന്നും കൂടാതെ കണ്ണൂർ എം.പി ശ്രീ. കെ.സുധാകരനിൽ നിന്നും ആവശ്യപ്പെട്ട ഫണ്ട് ലഭ്യമായിട്ടില്ല എന്നും ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് 2 ലെ മാധവപുരം കോളനിയോട് ചേർന്നുള്ള പെരിയാർ വാലി കനാലിന്റെ സംരക്ഷണ ഭിത്തിയും നടപ്പാതയും പണി കഴിഞ്ഞു മൂന്നു വർഷത്തിനുള്ളിൽ ഇടിഞ്ഞു പോയതിന്മേൽ ഇതുവരെ പുനർനിർമിച്ചിട്ടില്ല എന്നും ബോധ്യപ്പെടുകയുണ്ടായി.

11) മേൽ വസ്തുതകൾ പരിശോധിച്ചാൽ പഞ്ചായത്ത് പ്രസിഡന്റായ ശ്രീമതി രാജി സന്തോഷും ടിയാരിയോടൊപ്പമുള്ള നാല് മെമ്പർമാരും കൂടി 25.10.2021-ന് എം.പി. ഫണ്ട് ലഭിക്കുന്നതിന് ശ്രീ.സുധാകരൻ എം.പി.യെ കാണുന്നതിന് വേണ്ടി പഞ്ചായത്ത് വാഹനത്തിൽ കണ്ണൂരിൽ പോയതിനെത്തുടർന്ന് പഞ്ചായത്തിന് എം.പി.ഫണ്ട് ലഭ്യമാവുകയോ മറ്റുതരത്തിൽ ഗുണമുണ്ടായതായോ കാണുന്നില്ല. കൂടാതെ 25.10.2021-ലെ യാത്ര, 31.05.2023-ന് ഹർജിക്കാരെ നേരിൽ കേട്ടതിന് ശേഷം മാത്രം, 01.06.2023-ലെ പഞ്ചായത്തിന്റെ മീറ്റിങ്ങിൽ ഒരു അംഗത്തിന്റെ വിയോജനക്കുറിപ്പോടെ മാത്രമാണ് അംഗീകരിച്ചിട്ടുള്ളതും.

12) ആയതിനാൽ എറണാകുളം ജില്ലയിലെ ചൂർണിക്കര ഗ്രാമ പഞ്ചായത്തിലെ പ്രസിഡന്റും മെമ്പർമാരും, 25.10.2021-ന് പഞ്ചായത്ത് വാഹനത്തിൽ, കണ്ണൂരിലേക്ക് 530 കിലോ മീറ്റർ യാത്ര ചെയ്തത് ക്രമപ്രകാരമല്ല എന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത യാത്രക്ക് ചെലവായ തുക സർക്കാർ നിരക്കിന് അനുസൃതമായി പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി, പരാമർശം (6) പ്രകാരമുള്ള, വിധിന്യായം പാലിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത്, ചൂർണ്ണിക്കര, എറണാകുളം.
ശ്രീമതി രാജി സന്തോഷ്, (ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേനെ)
ശ്രീ.മുഹമ്മദ് ഷഫീക്, (ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേനെ)
ശ്രീ.രാജേഷ് പുതിയങ്ങാടി, (ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേനെ)
ശ്രീ.പി.എസ്.യൂസഫ്, (ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേനെ)
ശ്രീ.സി.പി.നൗഷാദ്, (ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേനെ)
ശ്രീ.സനീഷ് കളപ്പുരക്കൽ (ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേനെ)
അക്കൗണ്ടന്റ് ജനറൽ (എ & ഇ ഓഡിറ്റ്) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

LSG GUIDE